സിവിൽ പോലീസ് ഓഫീസർമാരുടെ സ്ഥലംമാറ്റം

194 (6343) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-ൽ ആംഡ് റിസർവ്വ്, ലോക്കൽ എന്നിവയുടെ സംയോജനം നടപ്പിലായശേഷം നാളിതുവരെയായി യാതൊരു തുടർനടപടികളും സ്വീകരിക്കാത്തതുമൂലം കൊല്ലം എ.ആർ. ക്യാമ്പിൽ മാത്രം 14 വർഷംവരെ സർവ്വീസുള്ള 300-ഓളം പോലീസുകാർക്ക് ലോക്കൽ സ്റ്റേഷനിലേക്ക് സ്ഥലംമാറ്റം ലഭിക്കാതെ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ;

(ബി) യഥാസമയം സ്ഥലംമാറ്റം നടത്താതിരിക്കുകയും ജില്ലാന്തര സ്ഥലംമാറ്റത്തിന്റെ അനുപാതം കൂട്ടി നൽകുകയും ചെയ്യുന്നതുമൂലമുള്ള ക്രമരാഹിത്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ലോക്കൽ പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും, തസ്തികകൾ പുനർനിർണ്ണയം നടത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കൊല്ലം ജില്ലയിൽ ക്രമരാഹിത്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ലോക്കൽ പോലീസ് സ്റ്റേഷനുകളിലെ പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കുന്നതും, തസ്തികകൾ പുനർനിർണ്ണയം നടത്തുന്നതും സംബന്ധിച്ച് പ്രൊപ്പോസലുകളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

എസ്.ഐ.-മാരുടെ നേരിട്ടും സ്ഥാനക്കയറ്റം മുഖേനയുമുള്ള നിയമനം

195 (6344) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പോലീസിൽ ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ എസ്.ഐ.-മാരുടെ നേരിട്ടും, സ്ഥാനക്കയറ്റം മുഖേനയുമുള്ള നിയമനത്തിന് അനുപാതം നിശ്ചയിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത അനുപാതപ്രകാരം ഓരോ വിഭാഗത്തിലും എത്ര സബ് ഇൻസ്പെക്ടർമാർ നിലവിലുണ്ടെന്നും ഓരോ വിഭാഗത്തിലും എത്ര ഒഴിവുകൾ ഉണ്ടെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) 1:1 എന്ന അനുപാതത്തിലാണ് നിശ്ചയിച്ചിരിക്കുന്നത്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly